**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 222*

*28 / 10 / 2019 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*

# കനോലി കനാൽ നവീകരണം

**ചോദ്യം**

**ശ്രീ. എ. പ്രദീപ് കുമാർ**

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

കോഴിക്കോട് കനോലി കനാൽ നവീകരിച്ച് ജല - ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉൾനാടൻ ജലപാതയുടെ ഭാഗമായ 11.20 കി.മീറ്റർ നീളം വരുന്ന കോഴിക്കോട് കനോലി കനാൽ മാലിന്യം നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ട നിലയിലായിരുന്നത് 2018-ൽ ജില്ലാ ഭരണ കേന്ദ്രത്തിന്റെയും കോഴിക്കോട് കോർപ്പറേഷന്റെയും നേതൃത്വത്തിൽ സന്നദ്ധ സംഘടനയായ നിറവ് വേങ്ങേരിയോടൊപ്പം ജനകീയ കൂട്ടായ്മയിലൂടെ നടത്തിയ ശുചീകരണ പ്രവർത്തനത്തിലൂടെ ഒരു പരിധി വരെ മാലിന്യമുക്തമാക്കാൻ സാധിച്ചു. ഇതിന്റെ തുടർച്ചയായി സിയാലിന്റെ നേതൃത്വത്തിൽ 46 ലക്ഷം രൂപ ചെലവിൽ കനാൽ പൂർണ്ണമായി മാലിന്യമുക്തമാക്കുന്നതിനും നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ ഇപ്പോൾ നടന്നു വരികയുമാണ്.

**സെക്ഷൻ ഓഫീസർ**